# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6672 09/07/2014 - ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വികസന പ്രവർത്തന ങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ് - ഇൻ - എയ്ഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. പി. കെ. ബഷീർ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) പട്ടികവർഗ്ഗ വികസന പ്രവർത്തന ങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ്-ഇൻ - എയ്ഡ് നല്കുന്നതിന് സ്വീക രിച്ചിട്ടുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നില്ല. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഗ്രാമ പ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലേയും പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും 98.61:1.39 എന്ന ആനുപാതത്തിൽ വിഭജിച്ച് നൽകുന്നു. ത്രിതല പഞ്ചായത്തുകൾക്ക് ലഭിച്ച ആകെ വിഹിതത്തെ 60:20:20 എന്ന ആനുപാതത്തിൽ ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായ ത്തുകൾക്കായി വിഭജിച്ച് നൽകുന്നു. |
| (ബി) പദ്ധതിത്തുക പട്ടികവർഗ്ഗ വിക സനവകുപ്പിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമായി വീതിക്കു ന്നതിന് പ്രത്യേക മാനദണ്ഡമുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാ ക്കുമോ ; | (ബി) സംസ്ഥാന ധനകാര്യ കമ്മീഷന്റെ മാനദണ്ഡപ്രകാരം പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന മൊത്തം തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ 12% അധിക തുക കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്നു. ബാക്കി തുക പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിക്കുന്നു. |

| | |
|---|---|
| (സി) പദ്ധതിത്തുകയുടെയും, ഗ്രാന്റ്- ഇൻ - എയ്ഡിന്റെയും ഫലപ്രദമായ വിനിയോഗം നിരീക്ഷിക്കാൻ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; | (സി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിത്തുകയുടെ ഫലപ്രദമായ വിനിയോഗം നിരീക്ഷിക്കുന്നതിനായി ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാ മാസവും ചേർന്ന് വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകളിലെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവരുടെ വിദ്യാഭ്യാസ - ആരോഗ്യ ജീവനോപാധി പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളിലൂടെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പദ്ധതി നടത്തിപ്പ് ഏകോപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് വിനിയോഗം ജില്ലാതലത്തിൽ സ്ഥലം എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ പ്രൊജക്ട് ഓഫീസർ/ട്രൈബൽ ഡവല്പ്മെന്റ് ഓഫീസർ ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ഇതര ജനപ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് അവലോകനം നടത്താറുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ കൈവരിക്കുന്ന ഭൗതികനേട്ടങ്ങൾ വിലയിരുത്താൻ സംവിധാനമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ? | (ഡി) സർക്കാർ ഉത്തരവ് (സാധാ) നം. 1192/2012/പജപവവിവ തീയതി 07/09/12 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാൻ & കൺവീനറും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ |

ഓഫീസർമാർ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെ തന്നെ ജില്ലാതലത്തിൽ വിലയിരുത്തലിനായി ജില്ലാകളക്ടർക്ക് നൽകുന്നുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതികളുടെ പുരോഗതി സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**